



പ്രൊഫ. സുന്ദരേശൻനായർ കുടുംബസഹായഫണ്ട് പ്രതിപക്ഷ നേതാവ് നൽകുന്നു.

AKPCTA

kerala private
COLLEGE TEACHER

No. 127 September 1995

## പ്രൊഫ. ആർ. സുന്ദരേശൻനായർ
## കുടുംബസഹായ ഫണ്ട് :
## 5,19,745 രൂപ നല്കി

എകെപിസിടിഎ - യുടെ മുന്നണിപ്പോരാളിയായിരുന്ന പ്രൊഫ. ആർ. സുന്ദരേശൻനായരുടെ കുടുംബത്തെ സഹായിക്കാൻ സ്വരൂപിച്ച ഫണ്ട് തിരുവനന്തപുരത്തു നടന്ന ചടങ്ങിൽവച്ച് നല്കി. ആഗസ്ററ് 26 ന് വൈ.എം.സി.എ. ഹാളിൽ ചേർന്ന യോഗത്തിൽ എകെപിസിടിഎ പ്രസിഡൻറ്. പ്രൊഫസർ. എസ്. വിശ്വനാഥൻ അധ്യക്ഷനായിരുന്നു. പ്രൊഫ. എൽ. ജി. വർഗീസ് സ്വാഗതം പറഞ്ഞു. സുന്ദരേശൻനായരുടെ മകളാണ് പ്രതിപക്ഷനേതാവ് വി. എസ്. അച്ചുതാനന്ദനിൽ നിന്നും ഫണ്ട് ഏററുവാങ്ങിയത്.

മൊത്തം 5,19,745 രൂപയാണ് അധ്യാപകരിൽ നിന്നും ലഭിച്ചത്. ഇതിൽ 1,47,582 രൂപ ചെമ്പഴന്തി എസ്. എൻ. കോളേജ് സ്ററാഫ് അസോസിയേഷൻെറ സംഭാവനയാണ്. ഇതുകൂടാതെ ചെമ്പഴന്തി കോളേജിലെ പ്രൈവററ് കോളേജ് എംപ്ളോയീസ് അസോസിയേഷൻ യൂണിററു നൽകിയ 2500 രൂപയും യോഗത്തിൽ വച്ച് കുടുംബത്തെ ഏല്പിച്ചു.

എ കെ പി സി ടി എ ജനറൽ സെക്രട്ടറി പ്രൊഫ. കെ. പി. ദിവാകരൻനായർ നന്ദിപറഞ്ഞു.

കേരള പ്രൈവററ് കോളേജ് ടീച്ചർ
ലക്കം : 127
സെപ്തംബർ 1995
എഡിററർ : വി. എൻ. മുരളി
മാനേജിംഗ് എഡിററർ : എ. പ്രതാപചന്ദ്രൻനായർ
അംഗങ്ങൾ : എസ്. വിശ്വനാഥൻ, കെ. പി. ദിവാകരൻനായർ, എം. സലിം, ജോയ് ജോബ് കുളവേലി, ടി. എൻ. മനോഹരൻ, വി. രാജേന്ദ്രൻനായർ, ജോണി കെ. ജോൺ, കെ. സി. കുട്ടപ്പൻനായർ, ജി. എസ്. സുരേഷ്, കെ. രാജേന്ദ്രബാബു, ജെ. ചന്ദ്ര

# മെഡിക്കൽ സമരം വിജയിപ്പിക്കുക

വിദ്യാഭ്യാസകാര്യത്തിൽ ഇന്ത്യയ്ക്കാകെ മാതൃകയായിരുന്ന കേരളം ഇന്ന് ലജ്ജിക്കുകയാണ്. സർക്കാർ നടത്തുന്ന കണ്ണൂർ മെഡിക്കൽ കോളേജിൽ ഒരു പേമെൻറ് സീററിന് 24 ലക്ഷം രൂപയാണ് കോഴ വാങ്ങുന്നത്. കർണ്ണാടകം പോലുള്ള സംസ്ഥാനങ്ങളിൽ കോഴക്കോളേജുകൾക്കെതിരെ ഗവൺമെൻറ് ശക്തമായ നടപടികളുമായി നീങ്ങുന്നു അപ്പോഴാണ് ഇവിടെ സർക്കാർ തന്നെ 'കോഴ' ഏറെറടുത്തു നടത്തുന്നത്. കൊച്ചി—മഹാത്മാഗാന്ധി സർവ്വകലാശാലകളിലൂടെ ഈ കച്ചവടം വ്യാപിപ്പിക്കാനുള്ള പച്ചക്കൊടിയും കാണിച്ചിട്ടുണ്ട്. ഇപ്പോഴുള്ള പാരാമെഡിക്കൽ കോഴ്സുകൾക്കുപുറമെ സ്വാശ്രയ മെഡിക്കൽ കോളേജുകളും ആരംഭിക്കുമെന്ന് അവർ പ്രഖ്യാപിച്ചിരിക്കുന്നു.

വിദ്യാഭ്യാസം മാത്രമല്ല, മനുഷ്യന്റെ ആരോഗ്യം കൂടി അപകടപ്പെടുത്തുന്ന ഈ കോഴ വിദ്യാഭ്യാസത്തിനെതിരേയാണ് മെഡിക്കൽ വിദ്യാർത്ഥികളുടെ സമരം. പരീക്ഷപോലും ബഹിഷ്കരിച്ച് അവർ സമരരംഗത്തു നില്ക്കുന്നു. എ കെ പി സി ടി എ ഇവരെ അഭിവാദ്യം ചെയ്യുന്നതോടൊപ്പം എല്ലാവിധ പിൻതുണയും പ്രഖ്യാപിക്കുന്നു

ഐക്യമുന്നണി സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ കച്ചവട വിദ്യാഭ്യാസം പൊടിപൊടിക്കുകയാണ്. നഴ്സറി മുതൽ മെഡിക്കൽവരെ തകർപ്പൻ വ്യാപാരമാണ് നടക്കുന്നത്. ജനങ്ങളെ വ്യാമോഹിപ്പിക്കാൻ സങ്കുചിത പ്രദേശിക വികാരങ്ങളും ഇളക്കിവിടുന്നുണ്ട്. കണ്ണൂർ ജില്ലയ്ക്കൊരു മെഡിക്കൽ കോളേജ് എന്നു പറഞ്ഞുകൊണ്ട് ജനങ്ങളെ ഈ കച്ചവടത്തിന് കൂട്ടുനിർത്താനാണ് ശ്രമം.

കേരളത്തിലിപ്പോൾ അഞ്ചുമെഡിക്കൽ കോളേജുകളുണ്ട്. ജനസംഖ്യവച്ചുനോക്കിയാൽ 1390 പേർക്ക് ഒരു ഡോക്ടർ വീതം കേരളത്തിലുണ്ട്. ഒരു സംസ്ഥാനത്തിന് ആവശ്യമുള്ള ഡോക്ടർമാർ ഇപ്പോൾത്തന്നെ ഉണ്ടെന്നർത്ഥം. പിന്നെന്തിനാണ് മുക്കിന് മുക്കിന് മെഡിക്കൽ കോളേജുകൾ ? അമിത വൈദ്യവല്ക്കരണമാണ് കേരളമിപ്പോൾ നേരിടുന്ന ഭീഷണി. ജനങ്ങൾക്ക് താങ്ങാനാവാത്ത ചികിത്സച്ചെലവാണുണ്ടാകുന്നത്. നിസാര രോഗത്തിനും എക്സറേയും, സ്കാനിംഗും നടത്താൻ ചീററുകുറിയ്ക്കുന്ന ആരോഗ്യവ്യവസായത്തിനെതിരെ കേരളത്തിലെ ജനങ്ങളെ ബോധവൽക്കരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

മെഡിക്കൽ വിദ്യാർത്ഥികൾ അവരുടെ സ്വകാര്യ ആവശ്യത്തിനുവേണ്ടിയല്ല ഈ സമരം നടത്തുന്നത്. കേരളത്തെ നാശത്തിലേയ്ക്കു നയിക്കാതിരിക്കാനുള്ള ചെറുത്തുനില്പാണ് അവർ നടത്തുന്നത്. എല്ലാവിധ പിൻതുണയും അവർക്കു നല്കി നമുക്ക് ഈ സമരം വിജയിപ്പിക്കാം. □

### ഐഫക്ടോ പ്രസിഡൻറ്

## പ്രൊഫ. കെ. കെ. തെക്കേടത്ത് തിരുവനന്തപുരത്ത്

## ഊഷ്മള സ്വീകരണം

കോളേജധ്യാപകരുടെ അഖിലേന്ത്യാ സംഘടനയായ ഐഫക്ടോയുടെ പ്രസിഡൻറ് പ്രൊഫ. കെ. കെ. തെക്കേടത്തിന് സെപ്തം: 12 ന് തിരുവനന്തപുരത്ത് ഹൃദ്യമായ സ്വീകരണം നൽകി. പ്രസിഡൻറായശേഷം ആദ്യമായി തിരുവനന്തപുരത്തെത്തിയ പ്രൊഫ. തെക്കേടത്തിന് സ്റ്റുഡൻറ്സ് സെൻററിൽ വച്ചായിരുന്നു സ്വീകരണം. എകെപിസിടിഎ പ്രസിഡൻറുകൂടിയായ ഐഫക്ടോ സെക്രട്ടറി പ്രൊഫ. എസ്. വിശ്വനാഥൻെറ അധ്യക്ഷതയിലാണ് സ്വീകരണയോഗം ചേർന്നത്. എകെജിസിടി ജനറൽ സെക്രട്ടറി പ്രൊഫ. കെ. കെ. വിശ്വനാഥൻ സ്വാഗതം പറഞ്ഞു. സ്വീകരണത്തിന് നന്ദി പറഞ്ഞുകൊണ്ട് പ്രൊഫസർ തെക്കേടത്ത് ഐഫക്ടോ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ''ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധി'' എന്ന വിഷയത്തെക്കുറിച്ച് അദ്ദേഹത്തിൻെറ പ്രഭാഷണവും ഉണ്ടായിരുന്നു. എകെപിസിടിഎ ജനറൽ സെക്രട്ടറി പ്രൊഫ. കെ. പി. ദിവാകരൻനായർ നന്ദിപറഞ്ഞു.

# ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധി

**-പ്രൊഫ. കെ. കെ. തെക്കേടത്ത്**

(എകെപിസിടിഎ — എകെജിസിടി സംഘടനകളുടെ സ്വീകരണയോഗത്തിൽ നടത്തിയ പ്രഭാഷണം)

കോളേജ് - യൂണിവേഴ്സിററി അധ്യാപകർ അവരുടെ സംഘടനകൾ തമ്മിലുള്ള ഐക്യം പൂർവ്വാധികം ശക്തിപ്പെടുത്തേണ്ട കാലഘട്ടമാണിത്. ശമ്പളപരിഷ്കരണം മാത്രമല്ല ഐഫക്ടോ ലക്ഷ്യമാക്കുന്നത്. രാജ്യത്തെ ബുദ്ധിജീവികളുടെ സംഘടന എന്ന നിലയിൽ പ്രശ്നങ്ങളെ അതിൻെറ സമഗ്രതയിൽ കാണാനുള്ള കഴിവ് അധ്യാപക സംഘടനയ്ക്കുണ്ട്. സാമൂഹ്യയാഥാർത്ഥ്യത്തിൽനിന്നും മാററി നിർത്തി വിദ്യാഭ്യാസരംഗത്തെ നമുക്കു കാണാനാവില്ല. കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ വിദ്യാഭ്യാസരംഗത്തോട് തികഞ്ഞ അവഗണനയാണ് കാട്ടുന്നത്. വിദ്യാഭ്യാസം കച്ചവടവല്കരിക്കുന്നു. ഇതിനെ നമുക്ക് എതിർക്കേണ്ടതുണ്ട്.

ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടപ്പോൾ ഇന്ത്യയിലെ മുതലാളിത്തവർഗത്തിൻെറ കയ്യിലേക്കാണ് അധികാരം കൈമാറിയത്. ബ്രിട്ടീഷുകാരെപ്പോലെ അവരും കച്ചവടതാല്പര്യങ്ങൾ വികസിപ്പിക്കുകയാണ് ചെയ്തത്. ഭൂപരിഷ്കാരംപോലുള്ള നടപടികളിൽ ശ്രദ്ധിച്ചില്ല. ഇ

## അവിടെ അവർ 'പൂജ്യ'ന്മാർ

വല്ലാത്തൊരു പതനത്തിലാണ് കെപിസിടിയു. മഹാത്മാഗാന്ധി യൂണിവേഴ്സിററി സെനററിലേയ്ക്കു നടന്ന തെരഞ്ഞെടുപ്പിൽ ഒരൊററ അംഗത്തെപ്പോലും ജയിപ്പിക്കാൻ അവർക്കു കഴിഞ്ഞില്ല. അവിടെ അവർ 'പൂജ്യ'ൻമാർ ! എൻ. എസ്. എസ്. കോളേജുകളിൽനിന്നും മൽസരിക്കാൻ സ്ഥാനാർത്ഥിപോലും കെപിസിടിയു വിന് ഉണ്ടായില്ല. ദേവസ്വംബോർഡ് കോളേജിലും അവർക്ക് സ്ഥാനാർത്ഥിയെ കിട്ടിയില്ല. രണ്ടിടത്തും എകെപിസിടിഎ സ്ഥാനാർത്ഥികളേ ഉണ്ടായിരുന്നുള്ളൂ. എകെപിസിടിഎ യുടെ എട്ടുപേർ തെരഞ്ഞെടുക്കപ്പെട്ടു. കേരള യൂണിവേഴ്സിററിയിലും കാലിക്കട്ട് യൂണിവേഴ്സിററിയിലും സെനററ് തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ കെപിസിടിയു വിന് തിരിച്ചടി. ഉള്ള സീററ് നിലനിർത്താൻ ആയില്ല. അതേസമയം എകെപിസിടിഎ—യ്ക്ക് മുമ്പുണ്ടായിരുന്നതിനെക്കാൾ സീററ് വർദ്ധിച്ചു. (കേരള: 10, കാലിക്കട്ട്: 8, എം. ജി. : 8)

ന്നും ആയിരക്കണക്കിനേക്കർ കൈവശം വച്ചിരിക്കുന്ന വ്യക്തികൾ ഇന്ത്യയിലുണ്ട്. എൺപതുശതമാനം ആളുകളും നമ്മുടെ നാട്ടിൽ ദരിദ്രരാണ്. അവർക്ക് ഭൂമിയില്ല, പണമില്ല. വെറും ഇരുപതുശതമാനം വരുന്ന സമ്പന്നരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന നടപടികളാണ് ഭരണവർഗം സ്വീകരിക്കുന്നത്. വാങ്ങാനുള്ള കഴിവ് ജനങ്ങൾക്കില്ലാത്തതുകൊണ്ട് ഇന്ത്യൻമാർക്കററിന് വളരാൻ കഴിയുന്നില്ല. ഉദാരവൽക്കരണവും മററും കൊണ്ടുവന്ന് വിദേശമാർക്കററുകൾ തേടുന്നത് അതിൻെറ പേരിലാണ്. മുതലാളിത്ത രാജ്യത്തിൽ ഉല്പാദനം മനുഷ്യനു വേണ്ടിയല്ല, മാർക്കററിനു വേണ്ടിയാണ്. വൻനഗരമായ ബാംബെയിലെ നാല്പത്തിരണ്ടുശതമാനം ജനങ്ങളും ദരിദ്രരാണ്.

ഇങ്ങനെയുളള ഇന്ത്യയിൽ കാലാകാലങ്ങളിൽ ആവിഷ്കരിക്കപ്പെട്ട വിദ്യാഭ്യാസനയം ഈ സാമ്പത്തികനയത്തിൻെറ പ്രതിഫലനമായി വന്നിട്ടുളളതാണ്. ഇഞ്ചിനീയറിംഗ്, മെഡിക്കൽ കോളേജുകൾക്ക് പ്രാധാന്യം നൽകിയ 1947 – 1960 കാലം. അതുപോലെ 1960 മുതൽ മൂർഛിച്ചുവന്ന സാമ്പത്തിക പ്രതിസന്ധി മുറിച്ചു കടക്കാൻ വിദ്യാഭ്യാസരംഗത്ത് ആവിഷ്കരിച്ച വൊക്കേഷണലൈസേഷൻ. ആർട്സ്, സയൻസ് കോളേജുകൾ കുറച്ച് തൊഴിലധിഷ്ഠിത സ്ഥാപനങ്ങൾ തുടങ്ങണമെന്ന നിർദ്ദേശം. ഇതെല്ലാം സാമ്പത്തികത്തകർച്ചയുടെ പ്രതിഫലനമായി വന്ന കാര്യങ്ങളാണ്. തൊഴിലധിഷ്ഠിതകോഴ്സുകൾ ആവിഷ്കരിച്ചെങ്കിലും ആളുകൾക്ക് തൊഴിലുകിട്ടാൻ മാർഗമുണ്ടായില്ല ഉളള തൊഴിലും പോയി. ഫാക്ടറികൾ പൂട്ടി. ആർട്സ്, സയൻസ് വിഷയങ്ങളിൽ കുട്ടികളെ കിട്ടാത്ത അവസ്ഥ പല സ്ഥലത്തുമുണ്ടായി. അധ്യാപകർക്ക് തൊഴിലില്ലാതായി. പിരിച്ചുവിടൽ ഭീഷണിയുണ്ടായി. അന്നുവരെ ബുദ്ധിജീവി മാത്രമായിരുന്ന അധ്യാപകന് നിലനില്പിനുവേണ്ടി സംഘടിച്ച് സമരരംഗത്തേക്കു വരേണ്ടിവന്നു. 1970-ൽ ശക്തമായ സമരം നടന്നു. അടിയന്തിരാവസ്ഥക്കാലത്ത് ഇന്ത്യയിലാകമാനം അധ്യാപകരെ അറസ്ററുചെയ്ത് ജയിലിലടച്ചു. സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാതെ വിദ്യാഭ്യാസ പ്രതിസന്ധി തീരില്ലെന്നാണ് ഇതെല്ലാം കാണിക്കുന്നത്.

1980 ആകുമ്പോഴേയ്ക്കും, ഇന്ത്യയ്ക്ക് പുറത്ത് മാർക്കററു തേടുന്ന മുതലാളിത്തത്തിന് അനുകൂലമായ പുതിയ സാമ്പത്തിക നയവും ലിബറലൈസേഷൻ പോളിസിയും മററും

## സിൻഡിക്കേററാകാൻ തമ്മിലടി

കെപിസിടിയു വിന് കേരള യൂണിവേഴ്സിററി സെനററിലേയ്ക്ക്
വിജയിപ്പിക്കാനായത് ആകെ നാലുപേരെയാണ്, സിൻഡിക്കേററു തെര
ഞ്ഞെടുപ്പു വന്നപ്പോൾ അതിൽ രണ്ടുപേർ സ്ഥാനാർത്ഥികളായി.
(സിൻഡിക്കേററിലേക്ക് ഒരാൾക്കു ജയിക്കാൻ ഒൻപത് വോട്ട് വേണമെ
ന്നോർക്കുക.) ഒന്നാം സ്ഥാനാർത്ഥി, രണ്ടാം സ്ഥാനാർത്ഥി എന്നൊ
ന്നും വേർതിരിവില്ല. രണ്ടുപേരും ജയിക്കാനായ് ജനിച്ചവർ! എന്തു
ചെയ്യും! സ്ഥാനാർത്ഥികളിൽ ഒരുവൻ കഴിഞ്ഞ സിൻഡിക്കേററിൽ
അത്ഭുതങ്ങൾ കാട്ടിയിട്ടുണ്ട്! സെനററിൻെറകൂടി അധികാരമുണ്ടായി
രുന്ന സിൻഡിക്കേററിൽ അധ്യാപകരുടെ സ്ഥലംമാററനിയമം വോട്ടിനി
ടുന്നു. ഈ അംഗം മാനേജുമെൻറുപക്ഷവുമായിച്ചേർന്ന് നിയമത്തിനെ
തിരെ വോട്ടുചെയ്യുന്നു. ഒരൊററ വോട്ടിന് നിയമം പരാജയപ്പെടുന്നു!

ഇങ്ങനെയുള്ള ഒരാളെ വീണ്ടും "അധ്യാപകതാല്പര്യ" പ്രകാരം
സ്ഥാനാർത്ഥിയാക്കുന്നതാണ് കെപിസിടിയു എന്ന സംഘടന.

നടപ്പിലാക്കിത്തുടങ്ങുകയാണ്. എന്നാൽ ഇതു വല്ലതും ഇന്ത്യയിലെ സാമാന്യജനങ്ങളുടെ ഏതെങ്കിലും പ്രശ്നം പരിഹരിച്ചോ? ഇല്ല. എന്നുമാത്രമല്ല സാധാരണ ജനങ്ങൾക്ക് ആശ്വാസപ്രദമായിരുന്ന പൊതുവിതരണസമ്പ്രദായം, ട്രാൻസ്പോർട്ട് സിസ്ററം, സൗജന്യചികിൽസ, പൊതുവിദ്യാഭ്യാസം എല്ലാം ലാഭമില്ലാത്തതിൻെറ പേരിൽ നിർത്തലാക്കി വരികയാണ്. ലാഭനഷ്ടക്കണക്കിൽ വിദ്യാഭ്യാസത്തെ കാണാൻ പററുമോ? പൊതുവിതരണ സമ്പ്രദായത്തെ കാണാനാകുമോ? വില പിടിച്ചുനിർത്താൻ സഹായകമായിരുന്ന പൊതുവിതരണസമ്പ്രദായത്തിൽനിന്നും ഗവൺമെൻറ് പിൻമാറിയാൽ സാധനവില കുത്തനെ ഉയരും. അതാണ് ഇന്നു നാം അനുഭവിക്കുന്നത്. സൗജന്യ ചികിൽസയും നിർത്തലാക്കുന്നു. ഭിക്ഷക്കാരനു പോലും അഞ്ചു രൂപാ കയ്യിലില്ലെങ്കിൽ ഗവൺമെൻറാശുപത്രിയിൽ പ്രവേശിക്കാനാവില്ല. വിദ്യാഭ്യാസരംഗത്ത് ക്യാപ്പിറേറഷൻ തെററല്ലന്ന് ഈ നയം സമർത്ഥിക്കുന്നു. ഇതിൻെറ അർത്ഥം പണമുള്ളവർക്കുവേണ്ടി വിദ്യാഭ്യാസം പരിമിതപ്പെടുത്തുന്നുവെന്നാണ്. അടുത്തകാലത്ത് കോടതിവിധിയിൽ ഫ്രീസീററ്, പേമെൻറ് സീററ് എന്നു വേർതിരിച്ചതിനേയും, വിദ്യാഭ്യാസ കച്ചവടക്കാർ അവർക്കനുകൂലമായി ഉപയോഗിക്കുകയാണ്. സാധാരണക്കാർക്കു പഠിക്കാവുന്ന സ്ക്കൂളും കോളേജുമെല്ലാം നിർത്തലാക്കുന്നു. വിദ്യാഭ്യാസത്തെ മാർക്കററുമായി ബന്ധിപ്പിച്ചു കാണുകയാണ് ഭരണാധികാരികൾ. ഭരണഘടനയിൽ എഴുതിവച്ചിരിക്കുന്നത് പതിനാലു വയസുവരെ നിർബന്ധിതവും സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം ഇന്ത്യയിലെ ഓരോ കുട്ടിക്കും നൽകണമെന്നാണ്. അതെല്ലാം ഭരണവർഗം കാററിൽ പറത്തുന്നു.

എന്താണിതിനൊരു പോംവഴി? എൺപതു ശതമാനം ഭാരതീയരേയും അവഗണിച്ച് വെറും ഇരുപതുശതമാനം സമ്പന്നർക്കായി ആവിഷ്കരിക്കുന്ന നയങ്ങളെ അതിശക്തമായി എതിർക്കുക എന്നുള്ളതുതന്നെയാണ് പ്രധാനം. ഭൂരിപക്ഷം ജനങ്ങളുടെ ആവശ്യങ്ങൾ നിറവേററാൻ പര്യാപ്തമായ നയങ്ങൾ വേണം. ഈ സാമൂഹ്യയാഥാർത്ഥ്യത്തിൻെറ ആഴത്തിലേയ്ക്ക് പോയാലേ വിദ്യാഭ്യാസപ്രതിസന്ധി പരിഹരിക്കാൻ കഴിയൂ. □

## ബ്രാഞ്ചുകൾ ചർച്ചചെയ്യുക

ഈ നയരേഖ എല്ലാ ബ്രാഞ്ചുകളും ചർച്ചചെയ്യുക. ബ്രാഞ്ചിന്റെ അഭിപ്രായം ജനറൽ സെക്രട്ടറിയുടെ പേർക്ക് എത്രയും വേഗം അയച്ചുതരണം.

— എഡിററർ

# എ. കെ. പി. സി. ടി. എ.

# വിദ്യാഭ്യാസനയം

## കരടുരേഖ

(മുൻലക്കത്തിന്റെ തുടർച്ച)

### 9. പുനഃസംവിധാനം-അദ്ധ്യയന പദ്ധതിയുടേയും പാഠ്യക്രമത്തിന്റേയും

9.00 കോളേജുകളിലെ ബിരുദബിരുദാനന്തര പഠന നിലവാരം, പൊതുവെ തൃപ്തികരമല്ല, അദ്ധ്യയനപദ്ധതികളും, ക്രമങ്ങളും തീരുമാനിക്കുന്ന പരമ്പരാഗതരീതി ഓരോ വൈജ്ഞാനിക മേഖലയിലെയും അഭൂതപൂർവ്വമായ വളർച്ച ഉടനടി ഉൾക്കൊള്ളാൻ തീരെ സഹായകരമല്ല. ഫലമോ, പല കോഴ്സുകളുടെ ഉള്ളടക്കത്തിലും സമീപനത്തിലും, ദശാബ്ദങ്ങൾ പിമ്പിലാണ് കേരളത്തിലെ കോളേജ് വിദ്യാഭ്യാസം. മറെറാരു പ്രധാന പ്രശ്നവുമുണ്ട്. കോളേജ് വിദ്യാഭ്യാസം ഇന്നത്തെ നിലയിൽ, ഉല്പാദനസേവന മേഖലകളിൽ പ്രയോജനകരമായ അദ്ധ്വാന വിനിയോഗത്തിന് വിദ്യാർത്ഥികളെ സജ്ജരാക്കുന്നില്ലെന്നതാണത്. ഈ രണ്ടു പ്രശ്നങ്ങളുടെയും സമർത്ഥമായ പരിഹാരത്തിന് പര്യാപ്തമായവിധത്തിൽ അദ്ധ്യയനപദ്ധതികളുടേയും പഠനക്രമങ്ങളുടേയും സമഗ്രമായ പുനഃസംവിധാനം ഉടനെ ഉണ്ടാകണം.

9.10 കോഴ്സിന്റേയും കരിക്കുലത്തിന്റേയും പുനഃസംവിധാനത്തിന്റെ നിയാമക തത്ത്വങ്ങൾ ഇവയാകണം. (I) ഓരോ വിഷയത്തിലും വിജ്ഞാന വിസ്ഫോടനം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഓരോന്നിലും ഉപവിഷയങ്ങളും വളർന്നു വരുകയാണ്. ഇവ ഉൾക്കൊള്ളത്തക്കവണ്ണം ഓരോ വിഷയത്തോടുമുള്ള സമീപനം കാലികമായി മാറണം. (ii) പുതിയ പുതിയ വിഷയങ്ങളിലുള്ള കോഴ്സുകൾ ആരംഭിക്കുകയെന്നത് ഒരു സ്വാഭാവിക രീതിയാകണം. ഒരപൂർവ്വ സംഭവമെന്ന ഇന്നത്തെ അവ

സ്ഥ അവസാനിക്കണം. (iii) കേരളത്തിന്റെയും ഇൻഡ്യയുടേയും വികസനാവശ്യങ്ങളുമായി ബന്ധപ്പെട്ടതും, തൊഴിൽ സാദ്ധ്യതകളുള്ളതുമായ കോഴ്സുകൾ ഓരോ വൈജ്ഞാനിക മേഖലയിലും ആരംഭിക്കണം. (iv) സർവ്വകലാശാലകൾ കേവലം പരിശീലനകേന്ദ്രങ്ങളല്ലെന്നതു കൊണ്ടുതന്നെ, ഓരോ മേഖലയിലെയും മൗലിക വിഷയങ്ങളിൽ പഠനവും ഗവേഷണവും ഉണ്ടാകണം. ഇതിന്, ഉടനെയുള്ള തൊഴിൽ പരമോ അല്ലാത്തതോ ആയ പ്രയോജനം ആകരുത് മാനദണ്ഡം. (v) എല്ലാ കോഴ്സുകളിലും പരമാവധി, 'ഇൻറർഡിസിപ്ളിനറി'സമീപനം സ്വീകരിക്കണം. (vi) ഡിഗ്രി തലത്തിലും മററും പല മുഖ്യവിഷയങ്ങൾക്ക് ഒരേ ഉള്ളടക്കത്തോടുകൂടിയ അനുബന്ധവിഷയം പഠിപ്പിക്കുന്ന രീതി മാറണം. ഓരോ മേഖലയുടെയും ആവശ്യങ്ങൾക്കനുസരിച്ച് അനുബന്ധവിഷയത്തിന്റെ പാഠ്യക്രമത്തിലും മാററം ഉണ്ടാകണം. ഉദാ: ഫിസിക്സ് വിദ്യാർത്ഥികൾക്കും, ബോട്ടണി വിദ്യാർത്ഥികൾക്കും പഠിക്കേണ്ടി വരുന്ന കെമിസ്ട്രി (സബ്സിഡിയറി) കരിക്കുലം വ്യത്യസ്തമാകണം. (vii) ബിരുദതലത്തിൽ ഇന്ന് ഒരു പ്രധാന വിഷയം രണ്ട് ഉപവിഷയങ്ങൾ എന്നതാണ് സമ്പ്രദായം. ഇതിന്റെ പ്രയോജനം പുനഃപരിശോധിക്കണം. ഉപവിഷയങ്ങളുടെ നിലവാരം ഇന്നു തീരെ അപര്യാപ്തമാണ്. അതുകൊണ്ട് ഒരു അനുബന്ധവിഷയം എന്ന രീതിയുടെ അഭിലഷണീയത ആലോചനാവിധേയമാക്കണം. (viii) ഇപ്പോഴുള്ളതിൽ വളരെ കൂടുതൽ 'സബ്ജക്ട്-കോംബിനേഷനുകൾ' ഉണ്ടാകണം. വൈവിധ്യമാർന്ന വൈജ്ഞാനികാവശ്യങ്ങൾ നിർവഹിക്കാൻ അത് കൂടിയേ തീരു. (ix) ഇന്നത്തെ ബോധന സമ്പ്രദായം സമ്പൂർണ്ണമായി പരിഷ്ക്കരിക്കണം. ക്ലാസുകളെക്കുറിച്ച് വ്യാപകമായുള്ള ധാരണയിൽ മൗലിക വ്യത്യാസം ഉണ്ടാകണം. ക്ലാസുകൾ എന്നാൽ അദ്ധ്യാപകരുടെ 'മോണോലോഗ്' എന്ന അവസ്ഥ മാറണം. വിദ്യാർത്ഥികളിൽ നിന്നും ചോദ്യങ്ങളും സംശയങ്ങളും ഉയരാത്ത ക്ലാസുകൾ, ശൈക്ഷണികമായി വെറും മരുഭൂമികളാണ്. വിദ്യാർത്ഥിയുടെ അന്വേഷണാസക്തിയും സർഗ്ഗശക്തിയും വിമർശനാത്മകതയും വികസിപ്പിക്കുകയെന്നതായിരിക്കണം മൗലിക ലക്ഷ്യം. കോളേജുകളിൽ അദ്ധ്യാപകർ (ടീച്ചേഴ്സ്) ഇല്ലെന്നാണല്ലോ സങ്കല്പം ! അവിടെയുള്ളവർ 'ലക്ച്ചറൻമാരും' 'പ്രൊഫസറൻമാരും' ആണ്. കോളേജ് വിദ്യാർത്ഥികൾ പഠിപ്പിക്കപ്പെടേണ്ടവർ അല്ലെന്നും സ്വയം പഠിക്കേണ്ടവരാണെന്നുമത്രേ ഇതിന്റെ അർത്ഥം. അവരുടെ സ്വയം പഠനത്തിൽ അവരെ സഹായിക്കുകയെന്ന ധർമ്മമേ ഉള്ളൂ 'ലക്ച്ചറൻമാർക്കും' 'പ്രൊഫസറൻമർക്കും'. (x) പഠന പ്രക്രിയയിൽ ആധുനിക ദൃശ്യ, ശ്രവ്യ സംബന്ധമായ ഉപകരണങ്ങളുടെ സാധ്യതകൾ മുഴുവൻ ഉപയോഗിക്കപ്പെടണം. ഈ ഉപകരണങ്ങൾ വിദ്യാർത്ഥികൾ തന്നെ കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കപ്പെടണം. (xi) ഔപചാരിക ലക്ചറുകൾ പരമാവധി കുറയ്ക്കണം. വിദ്യാർത്ഥികളുടെ സംഘം ചേർന്നുള്ള ചർച്ചകളും സെമിനാറുകളും വിദ്യാർത്ഥികളുടെ തന്നെ ലക്ചറുകളും ധാരാളം ഉണ്ടാകണം. (xii) ബിരുദതലം തൊട്ട് നിശ്ചിത വിഷയങ്ങളെക്കുറിച്ചുള്ള പ്രബന്ധാവതരണവും പ്രോജക്ടുകളും പാഠ്യക്രമത്തിന്റെ ഭാഗമാകണം. (xiii) പ്രാക്ടിക്കൽ വിഷയങ്ങളുടെ സിലബസ് ഇപ്പോൾ തികച്ചും അപര്യാപ്തമാണ്. പഠിച്ച സിദ്ധാന്തങ്ങളുടെ പരീക്ഷണപരമായ 'വെരിഫിക്കേഷൻ' ആണ് 'പരീക്ഷണശാലകളിൽ ഇന്ന് നടക്കുന്നത്. അത് പോരാ. 'പ്രാക്ടിക്കൽ ക്ലാസുകൾ' പഠിച്ച സൈദ്ധാന്തിക അറിവിന്റെ പ്രയോഗത്തിനും തൊഴിൽരംഗത്തെ ഉപയോഗത്തിനും വിദ്യാർത്ഥിയെ സഹായിക്കുന്നതാകണം. കലാലയങ്ങളുടെ സമീപ പ്രദേശത്തെ തൊഴിൽ സ്ഥാപനങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ, കൃഷി സംരംഭങ്ങൾ, വികസന പ്രവർത്തനങ്ങൾ തുടങ്ങിയവയുമായി സ്വാഭാവികമായ ബന്ധം ഉണ്ടാകണം. (xiv) ബിരുദതലത്തിൽ ഓരോ വിഷയത്തോടും ബന്ധപ്പെട്ട വൊക്കേഷണൽ കോഴ്സുകൾ ആരംഭിക്കണം. (xv) ഇന്നത്തെ ഭാഷാബോധനരീതി സാഹിത്യാഭിരുചി വളർത്താനോ, ഭാഷാനൈപുണ്യം വർദ്ധിപ്പിക്കാനോ സഹായിക്കുന്നതല്ല. ആശയവിനിമയക്ഷമത വർദ്ധിപ്പിക്കത്തക്കവണ്ണം ഭാഷാപഠനരീതി മാറണം. സാഹിത്യം ഐഛിക വിഷയമായെടുത്തവരൊഴികെയുള്ള വിദ്യാർത്ഥികളെ 'ഫംക്ഷണൽ ലാംഗേജ്' ആണ് പഠിപ്പിക്കേണ്ടത് (xvi) ഭാഷ പ്രധാന വിഷയമായി എടുക്കുന്നവർക്ക് മററു ഭാഷകളോ, ജേർണലിസം, പരസ്യകല തുടങ്ങി ഭാഷാ

## കെട്ടിട ഫണ്ട്

എ. കെ. പി. സി. ടി. എ. മന്ദിരത്തിന്റെ രണ്ടാംനില പണി ആരംഭിച്ചു. പല ബ്രാഞ്ചുകളിൽ നിന്നും കെട്ടിടഫണ്ട് ഇനിയും കിട്ടാനുണ്ട്. പണി പൂർത്തിയാക്കാനായി ബ്രാഞ്ചുകളുടെ അടിയന്തിര സഹായം ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

കെ. പി. ദിവാകരൻനായർ
ജനറൽ സെക്രട്ടറി

സാമർത്ഥ്യമാവശ്യമുള്ള വിഷയങ്ങളോ ഉപവിഷയമായി പഠിക്കാൻ സൗകര്യമുണ്ടാകണം. (xvii) കരിക്കുലത്തിന്റെ മാററത്തോടൊപ്പം കോഴ്സുകളുടെ ഘടനയിലും മാററമുണ്ടാകണം. ബിരുദകോഴ്സുകൾ ആറു സെമസ്ററുകളായും ബിരുദാനന്തര കോഴ്സുകൾ നാലു സെമസ്ററുകളായും തിരിക്കണം. ഓരോ സെമസ്ററും സൗകര്യപ്രദമായ ചെറിയ ചെറിയ ഖണ്ഡങ്ങളാക്കണം. ഓരോ ഭാഗത്തിനും വേണ്ട പാഠങ്ങൾ, പ്രാക്ടിക്കലുകൾ, പ്രോജക്ടുകൾ, പരീക്ഷകൾ ക്രമീകരിക്കണം. ഓരോ സെമസ്ററിലെയും പ്രവർത്തി സമയത്തിന്റെ 80 ശതമാനമെങ്കിലും തികച്ചവർക്കേ ആ സെമസ്ററിലെ വിലയിരുത്തലിനു വിധേയരാകാൻ അവകാശമുണ്ടായിരിക്കൂ. (xviii) ദേശീയവും അന്തർദേശീയവുമായി അംഗീകാരമുള്ളവയായിരിക്കണം ടെക്സ്ററു ബുക്കുകൾ. അവ കാലാകാലങ്ങളിൽ മാറുകയും വേണം. (xix) പഠനപദ്ധതി, ക്രമം ഇവയുടെ കാലികവും പ്രയോജനകരവുമായ പുനഃസംവിധാനം തുടർച്ചയായി നടക്കണമെങ്കിൽ ബോർഡ് ഓഫ് സ്ററഡീസ്, ഫാക്കൽററീസ്, അക്കാദമിക് കൗൺസിൽ ഇവയുടെ രൂപീകരണത്തിലും പ്രവർത്തന രീതികളിലും സാരമായ മാററങ്ങൾ ഉണ്ടാകണം. (xx) കോഴ്സുകളുടെയും മററും പുനഃസംഘാടനം അദ്ധ്യാപകരുമായി വിശദമായി ചർച്ച ചെയ്തും അവരുടെ ന്യായമായ താല്പര്യങ്ങൾ സംരക്ഷിച്ചു കൊണ്ടും വേണം നടപ്പാക്കാൻ. (xxi) പുതിയ വിഷയങ്ങളും ബോധന സമ്പ്രദായങ്ങളും അദ്ധ്യാപകർക്കു സമർത്ഥമായി കൈകാര്യം ചെയ്യാൻ പര്യാപ്തവും സൗകര്യപ്രദവുമായ പുനർ വിദ്യാഭ്യാസപദ്ധതി തുടർച്ചയായി നടപ്പാക്കണം.

## 10. ധനകാര്യം

10.00 സമ്പത്തിക പരിമിതി, മഹത്തായ പല പദ്ധതികളേയും തകരാറിലാക്കുകയും ഉന്നത വിദ്യാഭ്യാസരംഗത്തെ ഒരു പ്രതിസന്ധിയുടെ വക്കത്തെത്തിച്ചിരിക്കുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ, പര്യാപ്തമായ ധനസമാഹരണം നിർണ്ണായകമാണ്. ധനവിനിയോഗത്തിന്റെ സാമൂഹിക നിയന്ത്രണവും തുല്യപ്രാധാന്യമർഹിക്കുന്നു.

10.10 സാമ്പത്തിക ഞെരുക്കത്തിന്റെ പേരിൽ ഉന്നത വിദ്യാഭ്യാസം പരിമിതപ്പെടുത്തുവാനും സാമ്പത്തിക ബാദ്ധ്യതയിൽ നിന്ന് സർക്കാർ ഒഴിഞ്ഞു മാറുവാനും ഇന്ന് ശ്രമം നടക്കുകയാണ്. ഇവിടെ സ്മരണീയമായ ഒരു ചരിത്ര വസ്തുതയുണ്ട്. കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ ഓരോ പുതിയ കാൽവയ്പിന്റെയും പിൻപിൽ സർക്കാർ ഉണ്ടായിരുന്നു. സർക്കാരിന്റെ പിന്തുണയും പാത തെളിക്കലുകളുമാണ് കേരളത്തിൽ വിദ്യാഭ്യാസം എല്ലാവരിലേക്കും എത്തിക്കുകയെന്ന നേട്ടം ഉണ്ടാക്കാൻ അവസരമൊരുക്കിയത്. ഇന്ന് ഈ രംഗങ്ങളിൽ നിന്നും സർക്കാർ പിൻവാങ്ങിയാൽ വിദ്യാഭ്യാസരംഗത്തിന്റെ സാമൂഹ്യവത്കരണ

ത്തിന് അത് ഏററവും വലിയ തിരിച്ചടിയാകും. സവിശേഷ വിദ്യാഭ്യാസം സമ്പന്നർക്കായി സംവരണം ചെയ്യാനും ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രയോജനം സമൂഹത്തിലെ ന്യൂനപക്ഷത്തിനായി പരിമിതപ്പെടുത്താനും അത് ഇടയാക്കും. ഉന്നത വിദ്യാഭ്യാസരംഗത്തിന്റെ സാമ്പത്തിക ബാദ്ധ്യതയുടെ പ്രാഥമിക ഉത്തരവാദിത്തം സർക്കാരിനാണ്. ആ ഉത്തരവാദിത്തത്തിൽ നിന്നും സർക്കാർ പിൻമാറിക്കൂടാ.

10.20 അതിന്റെയർത്ഥം, ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണഭോക്താക്കൾക്ക് യാതൊരു സാമ്പത്തിക ഉത്തരവാദിത്തവും ഇല്ലെന്നല്ല. തീർച്ചയായും, പിന്നോക്ക വിഭാഗങ്ങളിൽ നിന്നൊഴികെയുള്ള ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണഭോക്താക്കൾ ചെലവിന്റെ ഒരു പങ്ക് സ്വയം വഹിക്കണം. പക്ഷേ, ഈ ചെലവ് പ്രവേശനത്തെ പരിമിതപ്പെടുത്തുന്ന അളവിലായിക്കൂടാ. ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികൾക്കും, സ്വന്തം ബാദ്ധ്യതയിൽ, ഫീസിന് വേണ്ടിവരുന്ന തുക പലിശയില്ലാത്ത കടമായി നല്കാൻ സർക്കാർ തയ്യാറാകണം. പഠനാവശ്യത്തിന് വേണ്ട തുകയും തുച്ഛമായ പലിശയോടെ, സ്വന്തം ജാമ്യത്തിൽ 'ലോൺ സ്കോളർഷിപ്പ്' ആയി നല്കണം. ഈ ആവശ്യത്തിന് ഒരു 'എഡ്യൂക്കേഷണൽ ഡവലപ്മെന്റ് ബാങ്ക്' തുടങ്ങണം. വിദ്യാഭ്യാസ സെസ്സ് ഏർപ്പെടുത്തണം.

10.30 വിദ്യാഭ്യാസ ചെലവ് വഹിക്കാനുള്ള കഴിവ്, യാതൊരു കാരണവശാലും പ്രവേശനത്തിന് മാനദണ്ഡമായിക്കൂടാ. ആ അർത്ഥത്തിൽ സെൽഫ് ഫൈനാൻസിംഗ് കോളജുകളും കോഴ്സുകളും അസ്വീകാര്യമാണ്.

10.40 വിഭവങ്ങളുടെ ബുദ്ധിപൂർവ്വകമായവിനിയോഗം നടക്കണം. ദുർവ്യയവും ധൂർത്തും ഇന്ന് വ്യാപകമാണ്. വിഭവശേഷിയുടെ ഒരു പുതിയ ആസൂത്രണം ഉണ്ടാകണം. വിഭവസമാഹരണത്തിനും, വിഭവവിനിയോഗത്തിനും ഒരു പുതിയ അടിസ്ഥാനവും സമീപനവും ഉണ്ടാകണം. ഏററവും പ്രധാനപ്പെട്ട കാര്യം വിദ്യാഭ്യാസത്തെ ഒരു ചരക്കാക്കി കൂടായെന്നതാണ് വിദ്യാഭ്യാസം ഒരു ചരക്ക് എന്നതായികൂടാ, വിഭവസമാഹരണത്തിന്റെ അടിസ്ഥാനതത്ത്വം.

10.50 വിദ്യാഭ്യാസസ്ഥാപനങ്ങൾ അടിസ്ഥാനപ്രമാണങ്ങൾ ബലികഴിക്കാതെ വിഭവസമാഹരണം നടത്തണം. പൊതു ഏജൻസികൾക്കു വേണ്ടി, പ്രതിഫലം പററിക്കൊണ്ട് സർവ്വേകളും പഠനങ്ങളും നടത്താം. പാരാമെഡിക്കൽ ടെസ്ററിംഗ് ലബോറട്ടറികൾ, കംപ്യൂട്ടർ കോഴ്സുകൾ, സോഫ്ററുവെയർ വികസനം, ടി. വി. അസംബ്ലിംഗ് റിപ്പയറിംഗ് ഇവ കോളേജുകളുടെ ആഭിമുഖ്യത്തിൽ നടത്തി വരുമാനമുണ്ടാക്കാവുന്നതാണ്.

10.60 അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്ത മിക്ക കോളേജുകളുടേയും പ്രശ്നമാണ്. ലൈബ്രറികളും ലബോറട്ടറികളും ഗണനീയമായി വികസിപ്പിച്ചെങ്കിലേ മിക്ക കോളേജുകളിലും സർവ്വകലാശാല നിലവാരമുള്ള കോഴ്സുകൾ നടത്താനാകൂ. ഈ രംഗത്ത് വളരെയധികം നിക്ഷേപം ഉണ്ടാകണം. ഇന്നത്തെ സാഹചര്യത്തിൽ സ്വകാര്യ മാനേജ്മെന്റ് അതിനാ തയ്യാറാകുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് നേരത്തെ സൂചിപ്പിച്ച സാമൂഹിക നിയന്ത്രണമുള്ള സമിതികൾ ധനസമാഹരണത്തിന് തയ്യാറാകണം. ഈ തുകയുടെ വിനിയോഗവും സാമൂഹിക നിയന്ത്രിതമായിരിക്കണം. പൊതുസമിതികളിൽ ചർച്ചയുണ്ടാകണം. വിശദാംശങ്ങൾ പരസ്യപ്പെടുത്തുകയും വേണം.

## 11. വിലയിരുത്തൽ പ്രക്രിയ

11.00 വിലയിരുത്തൽ പ്രക്രിയയുടെ ഏക ഘടകമിന്ന് പരീക്ഷയാണ്. പരീക്ഷയാകട്ടെ വിദ്യാഭ്യാസപ്രക്രിയയെ തടങ്കലിലാക്കിയിരിക്കുകയുമാണ്. വിദ്യാഭ്യാസപ്രക്രിയയുടെ മോചനത്തിന്നാവശ്യം വിലയിരുത്തലിന്റെ സമഗ്രത സ്ഥാപിക്കുകയാണ്. പരീക്ഷാസമ്പ്രദായത്തിന്റെ മൗലികമാററത്തിലൂടെയേ ഇത് സാധിക്കൂ. ഒററപ്പെട്ട ചില പരിഷ്കാരങ്ങൾ അപര്യാപ്തമാണ്.

11.10 വിലയിരുത്തൽ പ്രക്രിയയുടെ ധർമ്മം മനസിലാക്കുന്നതിൽ അടിസ്ഥാനപരമായ മാററം ആവശ്യമുണ്ട്. വിലയിരുത്തൽ എന്നാൽ ഇന്ന് വർഷാവസാന പരീക്ഷ മാത്രമാണ്. അത് എഴുത്തുപരീക്ഷയോ, വാചാ-പ്രാക്ടിക്കൽ പരീക്ഷയോ ആകാമെങ്കിലും.

## ബ്രാഞ്ച് സെക്രട്ടറിമാർ ശ്രദ്ധിക്കുക

### മെമ്പർഷിപ്പു തുക ഉടൻ അയയ്ക്കുക

എ. കെ. പി. സി. ടി. എ. ട്രഷററുടെ പേർക്ക് മെമ്പർഷിപ്പുതുക ഈ അറിയിപ്പു കിട്ടിയാലുടൻ അയയ്ക്കണം. Feroke-ൽ മാറത്തക്കവിധമുള്ള ഡിഡി എടുത്തുവേണം തുക അയയ്ക്കാൻ.

ട്രഷററുടെ വിലാസം:

M. SALIM
10, Pleasant Dale
Farook College P. O.
Kozhikode-673632

ഇത് വിദ്യാഭ്യാസത്തെക്കുറിച്ചുതന്നെയുള്ള വികലധാരണയിൽ നിന്നും ഉണ്ടായതാണ്. വിജ്ഞാനം ആർജിക്കൽ, നിരീക്ഷണ, പരീക്ഷണ അപഗ്രഥന ഉദ്ഗ്രഥന കഴിവുകളുടെ വികാസം, പരിശീലനം, അറിവിൻെറ പ്രയോഗം, മൂല്യപരമായ സംസ്കരണം ഇതൊക്കെ വിദ്യാഭ്യാസപ്രക്രിയയുടെ അവശ്യഭാഗങ്ങളാണ്. അപ്പോൾ ഒരു വിദ്യാർത്ഥിയെ വിലയിരുത്തുമ്പോൾ ഇതെല്ലാം പരിശോധിക്കപ്പെടണം.

11.20 വിദ്യാർത്ഥികളുടെ വിലയിരുത്തൽ തുടർച്ചയായി നടക്കണം, വർഷാവസാനം മാത്രമായാൽ പോരാ (അതും നിർത്താൻ നീക്കങ്ങൾ നടക്കുന്നു!) ഈ വിലയിരുത്തലുകകളുടെ ആകെത്തുകയാകണം കോഴ്സിൻെറ അന്തിമഫലം.

11.30 വിലയിരുത്തലിൻെറ പ്രാഥമിക ഉത്തരവാദിത്വം അദ്ധ്യാപനം നടത്തുന്നവർക്കായിരിക്കണം. സെമസ്ററർ സമ്പ്രദായവും ആന്തരിക വിലയിരുത്തലും എല്ലാവർക്കും ഏർപ്പെടുത്തണം. പോസ്ററ്ഗ്രാഡ്വേററ്തലം തൊട്ട് വിദ്യാർത്ഥികൾ പരസ്പരം വിലയിരുത്തൽ നടത്താനുള്ള സാദ്ധ്യത ആരായണം.

11.40 മൗലികമായ അറിവിൻെറ ആർജ്ജിക്കലും ആർജ്ജിത അറിവ് പ്രയോഗിക്കാനുള്ള സമർത്ഥതയും പരിശോധിക്കത്തക്കവണ്ണം പരീക്ഷാസമ്പ്രദായവും മൂല്യനിർണ്ണയവും മാറണം. 'അറിവ്' എന്നാൽ ഇന്ന് ഓർമ്മയാണ്. അജ്ഞത മറവിയും. പരീക്ഷയ്ക്കുള്ള ഒരുക്കങ്ങൾ മാർക്കുമേടിക്കാനുള്ള കുറുക്കുവഴികൾ കണ്ടെത്തുന്ന ശ്രമങ്ങളായി അധഃപതിച്ചിരിക്കുന്നു. ഒററവാക്ക് ഉത്തര[1] സംസ്കാരത്തിൻെറ മദ്ധ്യത്തിൽ വിലയിരുത്തൽ പ്രക്രിയയുടെ സമഗ്രത കണ്ടെത്താനാകണം.

11.41 ടെക്സ്ററു ബുക്കുകളുടെയും റഫറൻസ് ഗ്രന്ഥങ്ങളുടെയും വായനയില്ലാത്തവർക്കും, പരീക്ഷണബുദ്ധിയോടെ 'പരീക്ഷണശാല'കൾ ഉപയോഗിച്ചിട്ടില്ലാത്തവർക്കും പ്രയോജനപ്പെടാത്തവിധത്തിൽ ചോദ്യങ്ങളുടെ രീതിക്കു മാററം വരണം. ചോദ്യങ്ങളുടെ ആവർത്തനം കഴിയുന്നത്ര ഒഴിവാക്കണം. 'ക്വസ്ററ്യൻ ബാങ്കുകൾ' വ്യാപകമായി ഉപയോഗിക്കണം. തുറന്ന പുസ്തകസമ്പ്രദായം സ്വീകരിക്കാം, ചില കോഴ്സുകൾക്കെങ്കിലും.

11.50 വിലയിരുത്തൽ പ്രക്രിയയാകെ സുതാര്യമാക്കണം. ഒളിക്കുവാൻ ഒന്നുമുണ്ടാകരുത്. പരീക്ഷാപേപ്പറുകൾ തിരിച്ചുനല്കൽ മാർക്കുകളുടെ വിശദാംശങ്ങൾ പ്രഖ്യാപിക്കൽ തുടങ്ങിയവ പ്രാബല്യത്തിൽ കൊണ്ടുവരണം.

11.51 പരീക്ഷാഹാളുകളിലേയും, പരീക്ഷണശാലകളിലേയും മൂല്യനിർണ്ണയ കേന്ദ്രങ്ങളിലേയും അഴിമതികൾ തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കണം. തെററുകൾ കാണിക്കുന്ന അദ്ധ്യാപക—അനദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും, സ്ഥാപനങ്ങൾക്കും കർശനമായ ശിക്ഷ നല്കണം. അഴിമതിയിലൂടെ ജയിച്ചുവരുന്ന വിദ്യാർത്ഥി അഴിമതി എല്ലാ തലങ്ങളിലേക്കും വ്യാപിക്കാനരുനില്ക്കുമെന്നതാണ് ഏററവും പ്രധാന പ്രശ്നം.

11.52 പരീക്ഷകളിലെ അഴിമതിക്കിടയാക്കുന്ന വിധത്തിലുള്ള അദ്ധ്യാപകരുടെ ഗൈഡ്, ടെക്സ്ററുബുക്ക് പ്രസിദ്ധീകരണം കോച്ചിംഗ്സെൻറർ മേൽനോട്ടം, തുടങ്ങിയ കാര്യങ്ങളിൽ കർശനമായ നിയന്ത്രണം ഉണ്ടാകണം.

11,60 ഓരോ വിദ്യാർത്ഥിക്കും നല്കുന്ന സർട്ടിഫിക്കററ് ഒരു സമഗ്രരേഖയായിരിക്കണം. ഒരു വിദ്യാർത്ഥിയുടെ വിദ്യാഭ്യാസപ്രവർത്തനത്തെ സമഗ്രമായി വിലയിരുത്തുന്ന പ്രക്രിയയായി ഇന്നത്തെ സമ്പ്രദായം മാറുമ്പോൾ അത് രേഖപ്പെടുത്തിവക്കുന്ന സർട്ടിഫിക്കററിനും രൂപപരിണാമം സംഭവിക്കണമല്ലോ.

## 12. അദ്ധ്യാപകർ

12.00 കേരളത്തിൻെറ സാംസ്കാരിക ചരിത്രത്തിൽ സവിശേഷമായ സംഭാവന നല്കിയിട്ടുള്ള സാമൂഹിക വിഭാഗമാണ് അദ്ധ്യാപകർ. മൂല്യസൃഷ്ടിപരവും നേതൃത്വപരവുമായ അദ്ധ്യാപകരുടെ സ്ഥാനം വളരെ ഉന്നതമാണ്. അദ്ധ്യാപകരുടെ സവിശേഷ ധർമ്മം സഫലമായി നിർവഹിക്കണമെങ്കിൽ ആത്മനിഷ്ഠ ഘടകങ്ങളോടൊപ്പം അനുകൂലമായ ഘടനാപരമായ സാഹചര്യങ്ങളും ഉണ്ടാകണം.

12.10 അദ്ധ്യാപക നിയമനത്തിൻെറ ഏകമാനദണ്ഡം സംവരണതത്വങ്ങൾക്കു വിധേയമായി മെറിററുതന്നെയായിരിക്കണം. നീതിപൂർവകമായ ഒരു റാങ്കിംഗ് സമ്പ്രദായം രൂപപ്പെടുത്തി, അപേക്ഷകരെയെല്ലാം സംസ്ഥാനതലത്തിൽ റാങ്ക് ചെയ്യണം. ആ ലിസ്ററിൽ നിന്നും, സംവരണതത്വങ്ങൾ പാലിച്ചുകൊണ്ട് റാങ്ക് അനുസരിച്ചുതന്നെ കോളജുകൾ നിയമനങ്ങൾ നടത്തണം. അല്ലെങ്കിൽ നിയമനം പി. എസ്. സി. ക്കു വിടണം. ഉന്നതവിദ്യാഭ്യാസരംഗത്തെ എല്ലാ നിയമനങ്ങളും പൊതുചർച്ചയിലൂടെ രൂപപ്പെടുത്തിയ പൊതുമാനദണ്ഡം ഉപയോഗിച്ചു നടത്തുകയെന്നതാണ് ഈ രംഗത്തെ ഗുണപരമായി പരിവർത്തിപ്പിക്കാൻ ആദ്യം ചെയ്യേണ്ടത്.

12.20 അദ്ധ്യാപനത്തിന്, അദ്ധ്യാപകരെ അർഹരാക്കുന്നത് അറിവിൻെറ തുടർച്ചയായ നേടലാണ്. ഓരോ വിഷയത്തിലുമുണ്ടാകുന്ന വൈജ്ഞാനിക വികാസവുമായി പരിചയപ്പെടുകയെന്നത് അദ്ധ്യാപകരുടെ ചുമതലയായി മാറണം. റിഫ്രഷർ കോഴ്സുകൾ വ്യാപകമാക്കണം, അതിൽ പങ്കെടുക്കുകയെന്നത് അദ്ധ്യാപകർക്ക് അനായാസകരമായിത്തീരണം.

12.21 ഡിപ്പാർട്ടുമെൻറുകൾക്കകത്തും വിവിധ ഡിപ്പാർട്ടുമെൻറുകൾ ചേർന്നും കൂട്ടായ പഠനത്തിൻെറയും വിമർശനത്തിൻെറയും വിലയിരുത്തലിൻേറയും ഒരു പുതിയ സംസ്കാരം സൃഷ്ടിക്കണം,

12,22 അദ്ധ്യാപനത്തിൻെറ സമർത്ഥതയുടെ ഏററവും നല്ല വിധികർത്താക്കൾ വിദ്യാർത്ഥികളാണ്. കാരണം, അദ്ധ്യാപനം ഏററവും കൂടുതൽ പ്രയോജനപ്പെടേണ്ടത് അവർക്കാണല്ലോ. അദ്ധ്യാപനത്തിൻെറ ഇന്നത്തെ 'ഏകദിശാഭാഷണ'സ്വഭാവം പാടെ മാറണം. അത് വിദ്യാർത്ഥികളുമായുള്ള യഥാർത്ഥ സംവാദപ്രക്രിയയായി തീരണം. അർത്ഥപൂർണ്ണമായ സംവാദത്തിൻെറ അന്തരീക്ഷത്തിൽ, അദ്ധ്യാപനത്തിൻെറ ആരോഗ്യകരമായ വിമർശനം ഉണ്ടാകുകയും, സംവേദനക്ഷമതയേയും നിലവാരത്തെയും ഉയർത്തുകയും ചെയ്യും.

12.30 അദ്ധ്യാപകർ അവരുടെ ധർമ്മനിർവഹണത്തെ സംബന്ധിച്ച സമഗ്രവും നിശിതവുമായ ഒരു ആത്മവിമർശനത്തിനു തയ്യാറാകണം. കലാലയങ്ങളിലെ ജീർണ്ണതയ്ക്ക് അദ്ധ്യാപകർക്കുമുണ്ട് ഉത്തരവാദിത്തം. അനിയന്ത്രിത ഉപഭോക്തൃ താല്പര്യങ്ങളും ധനസമ്പാദനവ്യഗ്രതയും അദ്ധ്യാപനമെന്ന പ്രാഥമി

## പ്രവർത്തകക്യാമ്പ് - ഒക്ടോബർ 7, 8
### YMCA ആലുവ

എകെപിസിടിഎ പ്രവർത്തക ക്യാമ്പ് 1995 ഒക്ടോബർ 7, 8 തീയതികളിൽ ആലുവ വൈ. എം. സി. എ. ഹാളിൽ നടക്കുന്നു.

എല്ലാ ബ്രാഞ്ചുകളും പ്രവർത്തകരെ പങ്കെടുപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കുക.

കെ. പി. ദിവാകരൻനായർ
ജനറൽ സെക്രട്ടറി

ക ഉത്തരവാദിത്തം നിർവഹിക്കുന്നതിനു തടസമാണ്. സാമൂഹിക പ്രതിബദ്ധത, അദ്ധ്യാപനത്തിലുള്ള ആത്മാർത്ഥത, കാര്യക്ഷമത, ശിക്ഷണം, വസ്തുനിഷ്ഠത മുതലായവയെക്കുറിച്ചുള്ള വിലയിരുത്തലിനു അഅദ്ധ്യാപകർ വിധേയരാകണം. സാമൂഹികപരിശോധനയെ അദ്ധ്യാപകർ സ്വാഗതംചെയ്യണം.

12.31 അദ്ധ്യാപകർക്ക് തൊഴിൽ മാനദണ്ഡങ്ങൾ ഉണ്ടാകണം. സാമൂഹിക ഉത്തരവാദിത്തത്തിന്റേയും പൊതുവായ ചർച്ചകളുടെ ഫലമായ അഭിപ്രായസമന്വയത്തിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാകണം ഇവ. ബാഹ്യശക്തികൾ ഏകപക്ഷീയമായി അടിച്ചേല്പിക്കുന്ന നിർദ്ദേശങ്ങൾ ആകരുത്.

12.40 അധ്യാപക സംഘടനകൾ കേരളത്തിലെ സാമൂഹിക വ്യവസ്ഥിതി മാനവീകരിക്കാൻ നടത്തിയ പോരാട്ടവും നല്കിയ സംഭാവനകളും വളരെയാണ്. സ്വകാര്യമാനേജ്മെന്റുകളുടെയും സർക്കാരുകളുടെയും വെറും ജീവനക്കാരായിരുന്ന അദ്ധ്യാപകരെ ആത്മാഭിമാനവും അന്തസുമുള്ളവരാക്കി മാറ്റിയതിലും അവർക്ക് ന്യായമായ സേവന വേതന വ്യവസ്ഥകൾ നേടിക്കൊടുത്തതിലും അദ്ധ്യാപക സംഘടനകൾ അനുഷ്ഠിച്ചസേവനം സാംസ്കാരിക ചരിത്രത്തിലെ മഹത്തായൊരു സംഭവമാണ്. എന്നാൽ ഇന്നവർ ഒരു തീവ്രമായ ആത്മവിമർശനത്തിനും സാഹചര്യങ്ങൾക്കനുയോജ്യമായ പുതിയൊരു സമീപനത്തിനും തയ്യാറാകണം.

12.41 ഇന്ന് അദ്ധ്യാപക പ്രസ്ഥാനങ്ങൾ ഏറ്റെടുക്കേണ്ട ചരിത്രപരമായ ചുമതലകൾ ഇവയത്രേ. 1. സേവന-വേതന സംബന്ധമായ സമരങ്ങളിൽ അഭിമാനാർഹമായ നേട്ടം കൈവരിച്ച അദ്ധ്യാപക പ്രസ്ഥാനങ്ങൾ സാംസ്കാരിക രംഗത്തിന്റെ മൗലികമായ പരിവർത്തനത്തിന് പ്രതിജ്ഞാബദ്ധരാകുക. 2. സാമൂഹിക, സാമ്പത്തിക സംഭവ വികാസങ്ങൾ ആഴത്തിൽ അപഗ്രഥിച്ച്, ഭാവിപ്രതീക്ഷയുടെ അടിസ്ഥാനം വ്യക്തമാക്കുക. 3. അറിവിന്റെ വെറും എടുത്തുകൊടുപ്പുകാർ അല്ലി അദ്ധ്യാപകരെന്നും മൂല്യങ്ങൾ, വിശ്വാസങ്ങൾ, വൈജ്ഞാനിക സ്വാതന്ത്ര്യം, രാഷ്ട്രീയാവബോധം ഇവ സൃഷ്ടിക്കുന്ന സാംസ്കാരിക പ്രവർത്തകരാണ് അവരെന്നുമുള്ള തിരിച്ചറിവ് ഉണ്ടാകുക. വിദ്യാഭ്യാസഘടനയുടെ സമഗ്രമായ മാറ്റത്തിന് പോരാടുക. 5. കലാലയങ്ങളിലെ അഴിമതിക്കും, പക്ഷപാതങ്ങൾക്കും എതിരെ കാവൽപ്പടയാളികളാകുക. 6. നമ്മുടെ ക്യാമ്പസുകളിൽ പടർന്നുപിടിക്കുന്ന ജീർണ്ണ സംസ്കാരത്തിനും മൂല്യച്യുതിക്കുമെതിരെ ധീരമായി പ്രതികരിക്കുക. 7. സമൂഹം, വിദ്യാർത്ഥികൾ, മാനേജ്മെന്റ് ഇവയുടെ മദ്ധ്യത്തിൽ ആരോഗ്യകരമായ ആശയവിനിമയ ചാനലുകൾ ഒരുക്കുക.

12.50 മൗലിക വാദങ്ങളും കമ്പോള സമ്പ്രദായങ്ങളും കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക മേഖലകളെയാകെ ആവാഹിച്ചധീനമാക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന ഈ കാ

## ജേർണൽ അറിയിപ്പ്

നമ്മുടെ ജേർണലിന്റെ വാർഷിക വരിസംഖ്യ 25 രൂപ മാത്രമാണ്. ഈ തുക കൃത്യസമയത്ത് എത്തിച്ചുതരുന്നതിൽ വരിക്കാർ പ്രത്യേകം ശ്രദ്ധിക്കണം. പേപ്പർ വിലയും അച്ചടിച്ചെലവും ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന കാര്യം പ്രത്യേകം ഓർക്കുക.

തുക അയയ്ക്കേണ്ടത്:

A. Prathapachandran Nair
Kuravattam, Paruthippally P. O.
Thiruvananthapuram, Pin: 695574

ഘട്ടത്തിൽ, നിരന്തരമായ പുനർവിദ്യാഭ്യാസത്തിന്റെയും, പുനഃസൃഷ്ടിയുടെയും സംസ്കാരം ഏറ്റുവാങ്ങി മാറ്റത്തിന്റെ ചാലകശക്തിയാകുകയാണ് അദ്ധ്യാപകന്റെ ചരിത്രധർമ്മം.

## 13. വിദ്യാർത്ഥികൾ

13.00 ഉന്നത വിദ്യാഭ്യാസ രംഗത്തെ മുഖ്യ വ്യക്തികൾ വിദ്യാർത്ഥികൾ ആണെന്ന തിരിച്ചറിവിൽ നിന്നുവേണം ആ രംഗത്തിന്റെ പരിവർത്തനപ്രക്രിയ ആരംഭിക്കാൻ.

13.10 ഉന്നത വിദ്യാഭ്യാസത്തിന്റെ കേവലം ഉപഭോക്താക്കളല്ല വിദ്യാർത്ഥികൾ. ഈ രാജ്യത്തിന്റെ സാംസ്കാരിക പൈതൃകങ്ങളിൽ നിന്ന് അന്യമല്ലാത്ത ആധുനീകരണ പ്രക്രിയയ്ക്ക് നേതൃത്വം നൽകാനും ഉല്പാദന രംഗത്ത് സവിശേഷ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും പ്രാപ്തരും ബാധ്യസ്ഥരുമായവർ, വൈജ്ഞാനികമായും, ധൈഷണികമായും, മൂല്യപരമായും സമൂഹത്തെ മുമ്പോട്ടു നയിക്കേണ്ടവർ, അവരാണ് വിദ്യാർത്ഥികൾ.

13.20 കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ വിദ്യാഭ്യാസരംഗത്തെ ജനകീയവല്ക്കരിക്കുന്നതിലും സംശുദ്ധീകരിക്കുന്നതിലും നിർവഹിച്ചപങ്ക് വിലപ്പെട്ടതാണ്. സാമൂഹികനീതിബോധത്തോടെ അവരെടുത്ത ധീരമായ ചില നിലപാടുകൾ വിദ്യാഭ്യാസരംഗത്തെ ഗുണപരമായി വളർത്തിയിട്ടുമുണ്ട്.

13.21 പക്ഷേ, ഇന്ന് വിദ്യാർത്ഥി സമൂഹം ഗൗരവമായ ഒരു ആത്മവിമർശനത്തിന് വിധേയമാകണം. കർമ്മധീരതയുടേയും ആദർശ ഔന്നത്യത്തിന്റെയും മഹാസാദ്ധ്യതകളുള്ള വിദ്യാർത്ഥികൾ ഒത്തുതീർപ്പുകളുടേയും വിധേയത്വത്തിന്റെയും ജീർണ്ണസംസ്കാരം ഏറ്റുവാങ്ങിക്കഴിഞ്ഞുവോയെന്നു സംശയിക്കണം. ഉപഭോഗവ്യവസ്ഥിതിക്കും, മൗലികവാദങ്ങൾക്കും അവസരവാദരാഷ്ട്രീയത്തിനും സൗകര്യപ്രദമായ പ്രചാരകരായി അവർ നിയോഗിക്കപ്പെടുന്നുവോയെന്നും ആലോചിക്കേണ്ടതുണ്ട്.

13.30 കലാലയ രാഷ്ട്രീയത്തെക്കുറിച്ചുള്ള വാദപ്രതിവാദം ഇന്ന് സജീവമാണ്. വിദ്യാഭ്യാസം തന്നെ, അവശ്യം, ഒരു രാഷ്ട്രീയ പ്രക്രിയയാണ്. അതുകൊണ്ട് വിദ്യാർത്ഥികൾ രാഷ്ട്രീയപ്രവർത്തനം നടത്തിക്കൂടായെന്ന സമീപനം അധീശത്വ രാഷ്ട്രീയത്തിന്റെ തുടർച്ച ഉറപ്പാക്കുന്ന നിലപാടുമാത്രമാണ്. രാഷ്ട്രീയ പ്രവർത്തനങ്ങളുടെ അഭാവത്തിൽ വിദ്യാർത്ഥികൾ സങ്കുചിത, വിഭാഗീയ പ്രസ്ഥാനങ്ങളുടെ സ്വാധീനവലയത്തിലാകും. ജീർണ്ണവും ഉപഭോക്തൃ അധിഷ്ഠിതവുമായ പൊങ്ങച്ച സംസ്കാരത്തിന്റെ പ്രദർശനവസ്തുക്കളായി അധഃപതിക്കും. കലാലയങ്ങളെ സാംസ്കാരികമായി സംശുദ്ധീകരിക്കുന്ന

# മെമ്പർഷിപ്പു പ്രവർത്തനം മുന്നേറുന്നു

## ഫാത്തിമാ കോളേജിൽ 61 അംഗങ്ങൾ

പ്രൈവററ് കോളേജുകളിൽ അധ്യാപകരുടെ പ്രശ്നങ്ങൾ ഏറെറടുത്ത് പരിഹരിക്കാൻ എ കെ പി സി ടി എ എന്ന സംഘടനയേ പ്രവർത്തിക്കുന്നുള്ളു. ബാക്കിയെല്ലാം കടലാസു സംഘങ്ങളാണ്. പത്രപ്രസ്താവനകളിൽ ഒതുങ്ങുന്നു അവരുടെ പ്രവർത്തനം.

ഈ സത്യം മനസിലാക്കി കൂടുതൽ കൂടുതൽ അധ്യാപകർ എ കെ പി സി ടി എ അംഗങ്ങളാകുന്നു. കൊല്ലം ഫാത്തിമാ കോളേജിൽ കഴിഞ്ഞ വർഷം എ കെ പി സി ടി എ അംഗ സംഖ്യ 40 ആയിരുന്നു. ഈ വർഷം അത് 61 ആയി ഉയർന്നു. ഇനിയും കുറെ അധ്യാപകർകൂടി സംഘടനയിലേയ്ക്കു വരുമെന്നാണു പ്രതീക്ഷ.

ഓരോ വർഷവും കൃത്യമായ മെമ്പർഷിപ്പും വരവുചെലവുകണക്കും അച്ചടിച്ച് അംഗങ്ങൾക്ക് നല്കുന്ന സംഘടനാരംഗത്തെ മാതൃകാപരമായ പ്രവർത്തനവും എ കെ പി സി ടി എ നടത്തുന്നു. കോളേജധ്യാപകരംഗത്ത് മറെറാരു സംഘടനയും ഇതു ചെയ്യുന്നില്ല എന്നതും എടുത്തുപറയട്ടെ.

ഒരു പ്രവർത്തനം; വിദ്യാർത്ഥികളുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നിർവഹിക്കുന്നുണ്ടെന്ന വസ്തുത വിസ്മരിച്ചുകൂടാ എന്നാൽ, വിദ്യാർത്ഥികളുടെ രാഷ്ട്രീയത്തിൻെറ ഇതഃപര്യന്തമുള്ള സ്വാധീനത്തെക്കുറിച്ച് വിമർശനപരമായ ഒരു വിശകലനം ഉണ്ടാവുകതന്നെ വേണം. ചിലപ്പോഴെങ്കിലും അവർ സങ്കുചിതതാല്പര്യങ്ങളുടെ പിടിയിൽ അമർന്നിട്ടുണ്ട്. ഒഴിവാക്കാമമായിരുന്ന സംഘർഷങ്ങൾക്കും അപഭ്രംശങ്ങൾക്കും ഇടയാക്കിയിട്ടുമുണ്ട്. കലാലയരാഷ്ട്രീയത്തിൻെറ നിരോധനമല്ല ആവശ്യം. വിമർശനാത്മക വിലയിരുത്തലിൻേറയും ഉത്തരവാദിത്തപൂർണ്ണമായ രാഷ്ട്രീയാവബോധത്തിൻേറയും ഫലമായുണ്ടാകുന്ന ഒരു പുതിയ പ്രവർത്തന ശൈലിയാണ്.

13.31 കോളജ്, സർവകലാശാല യൂണിയനുകളുടെ തിരഞ്ഞെടുപ്പ് സമ്പ്രദായങ്ങളും പ്രവർത്തനരീതിയും നിഷ്കൃഷ്ടമായ ഒരു പഠനത്തിന് വിധേയമാക്കുകയും ആവശ്യമായ മാററങ്ങൾ വരുത്തുകയും വേണം.

13.40 ഇന്ന് വിദ്യാർത്ഥികളും വിദ്യാർത്ഥി പ്രസ്ഥാനങ്ങളും ഏറെറടുക്കേണ്ട പ്ര... വർത്തനങ്ങൾ ഇവയാണ്. 1) മൗലികമായ അർത്ഥത്തിലുള്ള വിദ്യാഭ്യാസ പ്രക്രിയയിൽ വിദ്യാർത്ഥികൾ മുഴുകാനിടയാക്കുക. കോള... ജുകൾ അതിൻെറ വിശാലമായ അർത്ഥത്തിൽ ക്ളാസുമുറികളുടെ, ലൈബ്രറികളുടെ, കളി... ക്കളത്തിൻെറ, നാടകവേദികളുടെ, നൃത്തരങ്ങ... ൻെറ, ഒക്കെ സംഘാതമാണല്ലോ. കോളേജ്-വി... ദ്യർത്ഥികളുടെ പ്രധാന പ്രവർത്തന രംഗമാ... കണം. ട്യൂഷൻ സെൻററുകളും, ട്യൂട്ടോറിയലു... കളും ഉല്ലാസകേന്ദ്രങ്ങളും വിദ്യാർത്ഥികളു... കളുടെ കൂടുതൽ സമയവും അപഹരിക്കുന്ന... സാഹചര്യം മാറണം. കോളജുകൾ അക്കാദമിക... അന്വേഷണത്തിൻെറ പ്രഥമ വേദിയാകണം. അത് നിർവഹിക്കാത്തവർക്ക് വിദ്യാർത്ഥിക... ളെന്ന പദവിക്കർഹതയില്ലെന്നു പ്രഖ്യാപിക്കുക...

2) രാജ്യത്തിൻെറ സാമൂഹികവും വികസനപ... രവും തൊഴിൽ സംബന്ധവുമായ ആവശ്യ... ങ്ങൾക്കനുയോജ്യമായ വിധത്തിൽ കോഴ്സുക...

ളുടെ ഘടന പുതുക്കാൻ സമ്മർദ്ദം ചെലുത്തു ക. 3) സാമൂഹിക, സാമ്പത്തിക, മേഖലക ളിലെ മാററങ്ങൾ സൂക്ഷ്മമായി അപഗ്രഥി ച്ചു മനസ്സിലാക്കാനും അതിന്റെ പ്രത്യാ ഘാതങ്ങൾ ജനമദ്ധ്യത്തിൽ പ്രചരിപ്പിക്കാനും തയ്യാറാകുക. 4) വ്യക്തിനിഷ്ഠവിജയം വിദ്യാഭ്യാസത്തിന്റെ ഏകമാനദണ്ഡമായി ത്തീർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വി ദ്യാർത്ഥികളിൽ സാമൂഹികാവബോധവും, പാരസ്പര്യവും, പ്രബുദ്ധ സംസ്കാരവും സൃഷ്ടിക്കാനുള്ള പരിപാടിക്ക് രൂപം നല് കുക. 5) ഉന്നതവിദ്യാഭ്യാസം ഒരു സവിശേ ഷ ആനുകൂല്യമാണ്. ഒരു വിദ്യാർത്ഥിയും നിഷ്കൃഷ്ടമായ അർത്ഥത്തിൽ, തന്റെ വി ദ്യാഭ്യാസത്തിന്റെ പൂർണ്ണ ചെലവ് വഹിക്കു ന്നില്ല. അപ്പോൾ സമൂഹത്തിന്റെ ചെലവിൽ സമൂഹത്തിലെ ബഹുഭൂരിപക്ഷത്തിനും ഇല്ലാ ത്ത അവസരം ലഭിച്ച വിദ്യാർത്ഥി കൂടുതൽ സാമൂഹിക ഉത്തരവാദിത്തം പ്രകടിപ്പിക്കാൻ ബാദ്ധ്യസ്ഥനാണ്. പാഴാക്കാനുള്ള ഒരവസ രമല്ല ഉന്നത വിദ്യാഭ്യാസം.

13.50 ഉപഭോഗതൃഷ്ണയുടെയും, നി ഷ്ഠൂരമാത്സര്യത്തിന്റേയും പിടിയിലും, സമഷ്ടിയെ മറക്കുന്ന വ്യക്തിവാദത്തിന്റേ യും സങ്കുചിത യഥാസ്ഥിതിക ചിന്താഗതി കളുടേയും ആശ്ലേഷത്തിലേക്കും അമരുന്ന വിദ്യാർത്ഥികളിൽ വിശാല സാമൂഹിക താ ല്പര്യങ്ങളും, ദേശീയ ബോധവും പുരോഗമ നേച്ഛയും സ്വന്തം നിലനില്പിന്റെ വൃ ത്തത്തെ ഉല്ലംഘിക്കുന്ന ഒരു ജീവിതദർശനവും രൂപപ്പെടുത്തുകയെന്ന ശ്രമകരമായ ചുമതല നിർവഹണമാണ് ചരിത്രം വിദ്യാർത്ഥി പ്ര സ്ഥാനങ്ങളിൽ നിന്നും ഇന്ന് പ്രതീക്ഷിക്കു ന്നത്.

## 14. ചില പൊതുപ്രമേയങ്ങൾ

14.00 ഒരു അദ്ധ്യാപക പ്രസ്ഥാനത്തി ന്റെ നയരേഖയെന്ന നിലയിൽ, ചില പ്രത്യേ ക മേഖലകൾക്കും പ്രശ്നങ്ങൾക്കും ഇതിൽ കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. എങ്കിലും, തീർച്ചയായും, ഉൾപ്പെടുത്തേണ്ട ചില പ്രമേയ ങ്ങൾ കൂടെയുണ്ട്.

## 14.10 അദ്ധ്യയന മാധ്യമം

ഉന്നത വിദ്യാഭ്യാസരംഗത്തെ അദ്ധ്യയന മാധ്യമത്തെ സംബന്ധിച്ച നയം ശാസ്ത്രീയ വും പ്രായോഗികവുമായിരിക്കണം. വൈജ്ഞാനികവും സാംസ്കാരികവുമായ താല്പ ര്യങ്ങൾ ആകണം നയത്തിന്നടിസ്ഥാനം. വിഷയങ്ങൾ വ്യക്തമായി മനസിലാക്കാനും മൗലികമായ ചിന്തകളിലേക്കു വഴി തെളിക്കാ നും ആശയങ്ങൾ സുഗമമായി ആവിഷ്കരി ക്കാനും സഹായകരമായ ഭാഷ ഏററവും പരി ചിത ഭാഷയായിരിക്കും. കേരളത്തിലത് മല യാളമാണ്.

14.11 ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രാ ഥമിക ലക്ഷ്യം നിലവിലുള്ള അറിവിന്റെ വി മർശനവും മൗലികമായ അറിവിന്റെ സൃഷ്ടി യും വ്യാപനവുമാണ്. അത് സാക്ഷാത്കരി ക്കണമെങ്കിൽ, കേരളത്തിൽ അദ്ധ്യയനം മല യാള ഭാഷയിലാകണം. ശാസ്ത്ര, സാമൂഹിക വിഷയങ്ങളിൽ ബിരുദതലത്തിലുള്ള അദ്ധ്യ യനം, ഉടനെതന്നെ, മലയാളത്തിലാക്കണം. സാ ങ്കേതിക വിഷയങ്ങളിലും, ബിരുദാനന്തരതല ത്തിലും, ആവശ്യമായ സംജ്ഞകളും പദസമു ച്ചയങ്ങളും ഗ്രന്ഥങ്ങളും വികസിപ്പിച്ചെടു ക്കുന്നതുവരെ താമസിപ്പിക്കാം.

14.12 അദ്ധ്യയന മാധ്യമം മലയാളത്തി ലാക്കുന്നതിന്നെതിരെയുള്ള ഏററവും വലിയ എതിർപ്പിനുകാരണം, മലയാളികളുടെ കേരള ത്തിനുപുറത്തെ ഉന്നത വിദ്യാഭ്യാസ ജോലിസാ ധ്യതകളെ അത് പ്രതികൂലമായി ബാധിക്കു മെന്ന ഭയമാണ്. അതിനു പരിഹാരം ഓരോ വിദ്യാർത്ഥിയും മലയാള ഭാഷയ്ക്കുപുറമെ ഒരു ഭാഷയിൽ-അത് ഇംഗ്ലീഷോ, ഹിന്ദി യോ...ഒക്കെയാകാം ... ആശയവിനിമയപരമായ സാമർത്ഥ്യം വികസിപ്പിക്കുകയാണ്. ഇത് മലയാളം അദ്ധ്യയന മാധ്യമം ആക്കുന്നതുകൊ ണ്ടുണ്ടാകുന്ന മേല്പറഞ്ഞ പ്രശ്നം പൂർണ്ണ മായി പരിഹരിക്കും. പുറത്തുപോകുന്ന ഒരു ന്യൂനപക്ഷത്തിന്റെ താല്പര്യത്തിനുവേണ്ടി അവരുൾപ്പെടെയുള്ള സർവരുടെയും മൗലിക തയേയും വിഷയത്തിന്റെ സമർത്ഥമായ സം വേദനത്തേയും ബാധിക്കുന്ന വിധത്തിൽ ഒരു വിദേശഭാഷയിൽ അദ്ധ്യയനം തുടരുകയല്ല

## സേവ് എഡ്യുക്കേഷൻ എറണാകുളം ജില്ലാ കൺവെൻഷൻ

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിലൂടെ രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുവാനുള്ള നീക്കമാണ് നടക്കുന്നതെന്ന് ജസ്റ്റിസ് ടി. ചന്ദ്രശേഖരമേനോൻ പറഞ്ഞു. എസ്. ആർ. പി. ഹൈസ്ക്കൂൾ ഓഡിറ്റോറിയത്തിൽ ചേർന്ന സേവ് എഡ്യൂക്കേഷൻ ജില്ലാ കൺവെൻഷൻ ഉൽഘാടനം ചെയ്യുകയായിരുന്നു ചന്ദ്രശേഖരമേനോൻ. സാധാരണക്കാരൻെറ കുട്ടികൾ പഠിക്കുന്ന സ്ക്കൂളുകൾക്ക് അററകുററപ്പണികൾക്കുപോലും സർക്കാർ തുക നല്കുന്നില്ല. പ്രാഥമിക വിദ്യാഭ്യാസം ഭരണഘടന വാഗ്ദാനം ചെയ്തിരിക്കുന്ന മൗലികാവകാശമാണ്. സ്കൂളുകളുടെ പരിതാപകരമായ അവസ്ഥ മൗലികാവകാശങ്ങളുടെ ഹനിക്കലാണ്. ഭൂരിപക്ഷത്തിന് വിദ്യാഭ്യാസം നിഷേധിക്കുമ്പോൾ തന്നെ തൊഴിലധിഷ്ഠിത കോഴ്സുകളെന്ന പേരിൽ വൻതുകയുടെ കച്ചവടമാണ് വിദ്യാഭ്യാസമേഖലയിൽ നടക്കുന്നത്. ജനങ്ങൾ ഇതിനെതിരെ ഉണർന്നുപ്രവർത്തിക്കണമെന്ന് ജസ്റ്റിസ് ആവശ്യപ്പെട്ടു.

പ്രൊഫ. ജോയ് ജോബ് കുളവേലിൽ അദ്ധ്യക്ഷനായിരുന്നു. കേരളം വിദ്യാഭ്യാസ മാഫിയയുടെ പിടിയിലമർന്നിരിക്കുകയാണെന്ന് കുളവേലിൽ പറഞ്ഞു.

ഡോ. കെ. എസ്. ഡേവിഡ്, പ്രൊഫ. പി. കെ. രവീന്ദ്രൻ, കെ. ബാലകൃഷ്ണൻ നമ്പ്യാർ എന്നിവർ സംസാരിച്ചു.

വേണ്ടത്. അദ്ധ്യയനമാധ്യമം മലയാളത്തിലാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗഹചര്യങ്ങൾ സകലതലങ്ങളിലും വികസിപ്പിച്ചെടുക്കുന്നത് വൈകിക്കാതിരിക്കുകയും വേണം.

### 14.20 സ്വയംഭരണം — സ്വയംഭരണ കോളജുകൾ

ഇന്ന്, വിദ്യാഭ്യാസംഘടന ശ്രേണീബന്ധിതമാണ്. ഉന്നതങ്ങളിൽ നിന്നും താഴോട്ടു താഴോട്ടുള്ള അനുശാസനങ്ങളിലൂടെയാണ് ഭരണം. ഈ സാഹചര്യം അക്കാദമിക സ്വാതന്ത്ര്യം നിഷേധിക്കുന്നു. ഘടനകളുടെ കാർക്കശ്യം നൂതനാശയങ്ങളുടെ ആവിഷ്കാരവും പരീക്ഷണവും തടയുന്നു. അതുകൊണ്ട് സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടാകണം. ഓട്ടോണമസ് കോളേജുകളെ അനുകൂലിക്കുന്നവരുടെ വാദമിതാണ്. കൂടുതൽ സൂക്ഷ്മമായ ധാരണ ഈ പ്രശ്നത്തിലുണ്ടാകണം.

14.21 1) 'ഓട്ടോണമി'യെക്കുറിച്ച് ഇന്നുള്ള സങ്കല്പനത്തിൽ, അധികാരം ഒരു തലത്തിൽ നിന്നും മറെറാരു തലത്തിലേക്കു മാറുന്നുവെന്നേയുള്ളു. ഒരു പക്ഷേ, സർക്കാരിൽ നിന്നും സ്വകാര്യ, പ്രാദേശിക മാനേജുമെൻറിലേക്ക്, അധികാരത്തിൻെറ കാർക്കശ്യം കുറയുന്നില്ല. അധികാരത്തിൻെറ തന്നെ വ്യത്യസ്ത സങ്കല്പനം ഉണ്ടാകുന്നില്ല. 2) മാനേജുമെ

